# വചനസുമം



വാല്യം 12 ✵ ഡിസംബർ 2014 ✵ ലക്കം 12

# പ്രസംഗം തയ്യാറാക്കിയവർ

ഡിസംബർ 7 : **യോഹന്നാൻ മാംദാനയുടെ ജനനം**

ബ്രദർ തോമസ് സിജോ ഓ.ഐ.സി.

ഡിസംബർ 14 : **മാർ യൗസേപ്പിനുണ്ടായ ദർശനം**

ബ്രദർ ജോഷി റയ്മണ്ട് ഒ.ഐ.സി.

ഡിസംബർ 21 : **യൽദായ്ക്കു മുമ്പുള്ള ഞായർ**

ബ്ര. ജോബി തോമസ് ഒ.ഐ.സി.

ഡിസംബർ 25 : **യൽദാപെരുന്നാൾ**

ബ്രദർ ജിയോ പോൾ ഓ.ഐ.സി.

ഡിസംബർ 28 : **യൽദായ്ക്കുശേഷം ഒന്നാം ഞായർ**

ബ്രദർ തോമസ് ഫ്രാൻസിസ് ഒ.ഐ.സി.



Printed : At Bethany Offset Printers, Kottayam
Published : By **Bethany Vedavinjana Peeth, Pune**
E-mail:bethanyktm@gmail.com
(For Private Circulation)

# 2014 ഡിസംബർ 7

# യോഹന്നാൻ മാംദാനയുടെ ജനനം

പുറ.2:1-10; 1 സാമു. 1:1-18; ഏശ. 40:1-5;
അപ്പ.. പ്രവ. 3:1-11; 2 കോരി. 3:1-11; ലൂക്ക 1:57-66.

**ബ്രദർ തോമസ് സിജോ ഓ.ഐ.സി.**

## സന്ദർഭം

രണ്ടു പ്രധാനപ്പെട്ടകാര്യങ്ങളാണ് ഇന്നത്തെ വേദഭാഗത്തിൽ പ്രധാനമായും നമുക്കു കാണുവാൻ സാധിക്കുക. ഒന്നാമതായി വി. ലൂക്കോസിന്റെ സുവിശേഷം ഒന്നാം അദ്ധ്യായം 57, 58 വാക്യങ്ങളിൽ സ്നാപകയോഹന്നാന്റെ ജനനത്തെക്കുറിച്ചു പറയുന്നു. ഇതേതുടർന്നു രണ്ടാമതായി 59 മുതൽ 66 വരെയുള്ള വാക്യങ്ങളിൽ നമുക്കു കാണുവാൻ സാധിക്കുന്നതു സ്നാപകയോഹന്നാന്റെ നാമകരണത്തെക്കുറിച്ചാണ്. ഇവിടെ ലൂക്കോസ് സുവിശേഷകൻ സ്നാപകയോഹന്നാന്റെ ജനനവും നാമകരണവും ഒരുമിച്ചു ചേർത്തുവയ്ക്കുകയാണ്. സഖറിയാപ്രവാചകനോടുള്ള ദൂതന്റെ പ്രവചനത്തിന്റെ പൂർത്തീകരണമാണു നമുക്കിവിടെ കാണുവാൻ സാധിക്കുന്നത്.

## പ്രമേയം

ഇന്നത്തെ വേദഭാഗത്തിൽ മൂന്നു അസ്വാഭാവികകാര്യങ്ങളാണു സംഭവിക്കുന്നത്. ഒന്നാമതായി വാർദ്ധക്യത്തിലെത്തിയ ദമ്പതികൾക്കു ഒരു ശിശു ജനിക്കുന്നു. രണ്ടാമതായി സഖറിയായുടെ നാവിന്റെ ബന്ധനം അഴിയുന്നു. മൂന്നാമതായി കുട്ടിക്കു പാരമ്പര്യത്തിൽ പെടാത്ത ദൈവികമായ പേരു ലഭിക്കുന്നത്. ഈ മൂന്നു അസ്വാഭാവികസംഭവങ്ങളാണു ഈ വേദഭാഗത്തിന്റെ പ്രമേയം.

## സന്ദേശം

ഈ മൂന്നു അസ്വാഭാവികകാര്യങ്ങളും നമ്മുടെ വ്യക്തിപരമായ ജീവതത്തിനു ചില പാഠങ്ങൾ പകർന്നു നൽകുന്നുണ്ട്.

## 1. അസാദ്ധ്യതകളുടെ നടുവിൽ സാധ്യതകളുടെ വിരുന്നൊരുക്കുന്ന ഒരു ദൈവം.

സഖറിയാപ്രവാചകന്റെ മുമ്പിൽ ദൂതൻ പ്രത്യക്ഷപ്പെട്ടു പറയുന്നു, നിന്റെ ഭാര്യ ഗർഭം ധരിച്ചു ഒരു പുത്രനെ പ്രസവിക്കും. ദൂതന്റെ ഈ സന്ദേശത്തിന്റെ സന്തോഷത്തെക്കാളുപരി സഖറിയാപ്രവാചകന്റെ ഉള്ളു നിറയുന്നതു സന്ദേഹം കൊണ്ടാണ്. ആ സന്ദേഹത്തിൽ നിന്നു അവൻ ചോദിക്കുകയാണ് ഈ കാര്യങ്ങൾ എങ്ങനെ സംഭവിക്കും. ഇതേ ചോദ്യം തന്നെ ചോദിക്കുന്ന മറ്റൊരു കഥാപാത്രത്തെ സുവിശേഷത്തിൽ നാം കാണുന്നു- പരിശുദ്ധകന്യകമറിയം, അവളും ഇതേ ചോദ്യം തന്നെയാണു ചോദിക്കുന്നത്. എന്നാൽ പ. കന്യകമറിയത്തിനു മറുപടി ലഭിക്കുന്നു. മറിച്ച് ഇതേ ചോദ്യം തന്നെ ചോദിച്ച സഖറിയാപ്രവാചകന്റെ നാവു ബന്ധക്കപ്പെടുകയും ചെയ്യുന്നു. ഇതിന്റെ കാരണം എന്താണ്?

മലാക്കി പ്രവാചകന്റെ പുസ്തകം രണ്ടാം അദ്ധ്യായത്തിൽ നാം ഇപ്രകാരം വായിക്കുന്നു. പുരോഹിതൻ അധരത്തിൽ ജ്ഞാനം സൂക്ഷിക്കണം. കൂടാതെ യഹൂദരുടെ പാരമ്പര്യമനുസരിച്ചു ഒരു പുരോഹിതൻ ദൈവത്തിന്റെ അത്ഭുതകരമായ ഇടപെടൽ പഠിപ്പിക്കേണ്ടവനാണ്. സർവ്വോപരി അവൻ ദൈവത്തിൽ ആഴമായ വിശ്വസിക്കേണ്ടവനാണ്. ഇങ്ങനെയുള്ള സഖറിയാപ്രവാചകൻ അവിശ്വസിച്ചതുകൊണ്ടാണു ദൈവദൂതൻ സഖറിയാപ്രവാചകന്റെ നാവിനെ ബന്ധിക്കുന്നത്.

വാർദ്ധക്യത്തിലായ ആ ദമ്പതികളുടെ മുമ്പിലേക്കു, അസാധ്യതകളുടെ മദ്ധ്യത്തിൽ ദൈവം സാധ്യതകളെ തുറക്കുകയാണ്. നമ്മുടെ ജീവിതത്തിൽ ഇതുപോലെ അസാധ്യതകളുടേയും, സന്ദേഹങ്ങളുടേയും നിമിഷങ്ങൾ ഉണ്ടാകാം. ആ സമയങ്ങളിൽ സാധ്യതകളെ നമ്മുടെ മുമ്പിൽ തുറക്കുന്ന ദൈവത്തിന്റെ കരങ്ങളെ തിരച്ചറിയാൻ സാധിക്കണം. സെഫാനിയാപ്രവാചകന്റെ പുസ്തകം മൂന്നാം അദ്ധ്യായം 16-ാം വാക്യത്തിൽ സർവശക്തനായ ദൈവം അരുളിചെയ്യുന്നു. സീയോനെ

ഭയപ്പെടേണ്ട, നിന്റെ കരങ്ങൾ ദുർബ്ബലമാകാതിരിക്കട്ടെ, നിന്റെ ദൈവമായി കർത്താവ്, വിജയം നൽകുന്ന യോദ്ധാവ് നിന്റെ മദ്ധ്യേയുണ്ട്. നമ്മുടെ ജീവിതത്തിലും വിജയം നൽകുന്ന ആ യോദ്ധാവിന്റെ കരങ്ങളെ നാം തിരച്ചറിയണം.

## 2. ബന്ധനങ്ങൾ അഴിക്കുന്ന ദൈവം

ലൂക്കോസിന്റെ സുവിശേഷം 20-ാം വാക്യത്തിൽ നാം ഇപ്രകാരം വായിക്കുന്നു. യഥാകാലം പൂർത്തിയാകേണ്ട എന്റെ വചനം അവിശ്വസിച്ചതുകൊണ്ടു നീ മൂകനായി തീരും. ഇവ സംഭവിക്കുന്നതുവരെ സംസാരിക്കാൻ നിനക്കു സാധിക്കുകയില്ല. അങ്ങനെ സഖറിയാ യോഹന്നാന്റെ നാമകരണം വരെ മൂകനായി കഴിയുകയാണ്. അവൻ ആരോടും ഒന്നും സംസാരിക്കുന്നില്ല. ഈ "മൂകത" ഒരു പ്രതീകമാണ്. ഈ മൂകതയിലാണു, ശാന്തതയിലാണു നമുക്കു ദൈവത്തെ തിരിച്ചറിയാൻ സാധിക്കുന്നത്. അതുകൊണ്ടാണു സങ്കീർത്തകൻ ഇപ്രകാരം പറയുന്നത്, ശാന്തനാവുക ഞാൻ ദൈവമാണെന്നറിയുക (സങ്കീ. 46:10). നമ്മുടെ തിരക്കിട്ട ജീവിതങ്ങളിൽ, ആകുലതകൾ നിറഞ്ഞ ജീവിതങ്ങളിൽ ഇതേപോലെ ശാന്തമായ നിമിഷങ്ങൾ ആവശ്യമാണ്. ഈ ശാന്തതയിലാണു നമ്മുടെ ബന്ധനങ്ങളെ തിരച്ചറിയുവാൻ സാധിക്കുന്നത്. ദൈവസന്നിധിയിൽ തിരിച്ചറിയപ്പെടുന്ന ഇത്തരം ബന്ധനങ്ങളാണു ദൈവം അതിശക്തമായ കരം കൊണ്ടു പൊട്ടിച്ചെറിയുന്നത്. നമ്മുടെ ജീവിതത്തിലും ആകുലതകൾകൊണ്ട്, പ്രയാസങ്ങൾകൊണ്ട്, പല പാപത്തിന്റെ ബന്ധനങ്ങളും വന്നിട്ടുണ്ടാകും അവയൊക്കെ തിരിച്ചറിയപ്പെടുന്നതു ദൈവത്തിന്റെ മുമ്പിലുള്ള ശാന്തമായനിമിഷങ്ങളിലാണ്.

## 3. ദൈവിക കൽപ്പനകൾ അനുസരിക്കുന്നവരായി മാറുക.

സഖറിയായും, എലിസബത്തും ദൈവികമായ കല്പനകൾ പാലിച്ചതുകൊണ്ടാണു അവരുടെ ജീവിതത്തിൽ ദൈവികമായ ഇടപെടൽ ഉണ്ടാകുന്നത്. വാർദ്ധക്യത്തിൽ ദൈവം അവർക്കു ഒരു പുത്രനെ നൽകുകയാണ്. പതിമൂന്നാം വാക്യത്തിൽ നാം ഇപ്രകാരം വായിക്കുന്നു ദൂതൻ

അവനോടു പറഞ്ഞു; സഖറിയാ ഭയപ്പെടേണ്ട നിന്റെ പ്രാർത്ഥന കേട്ടിരിക്കുന്നു. നിന്റെ ഭാര്യ എലിസബത്തിൽ നിനക്കു ഒരു പുത്രൻ ജനിക്കും, നീ അവനു യോഹന്നാൻ എന്നു പേരിടണം. യോഹന്നാൻ എന്ന വാക്കിന്റെ അർത്ഥം ദൈവം കരുണചെയ്തു എന്നാണ്. ദൈവം കരുണചെയ്ത, അനുഗ്രഹിക്കപ്പെട്ട മക്കൾ ഉണ്ടാകണമെങ്കിൽ നാമും ദൈവികകല്പനകൾ അനുഷ്ഠിക്കുന്നവരും, പാലിക്കുന്നവരാകണം. അവിടെയാണു നമ്മുടെ മക്കൾക്കും യോഹന്നാനെ പോലെ ദൈവികമായ പേരുലഭിക്കുന്നതും. അന്നത്തെ സമൂഹം യോഹന്നാനെ നോക്കി ആശ്ചര്യത്തോടെ പറഞ്ഞതുപോലെ നമ്മുടെ മക്കളെ നോക്കി ഈ ശിശു ആരായിത്തീരുമെന്നു ജനങ്ങൾ ചോദിക്കുകയുള്ളൂ. സ്വന്തം മക്കളെപ്പറ്റി ഈ വാക്കുകൾ മറ്റുള്ളുവരിൽനിന്നു കേൾക്കുമ്പോഴാണു ഓരോ മാതാപിതാക്കളുടെ മനവും സന്തോഷം കൊണ്ടു നിറയുന്നത്. അങ്ങനെ, യോഹന്നാൻ, വളർന്നു വരുന്ന മക്കൾക്കു ഒരു മാതൃകയായും അതിലുപരി ഒരു വെല്ലുവിളിയായും നിൽക്കുകയാണ്.

## ഉപസംഹാരം

ഇന്നത്തെ വേദഭാഗം നൽകുന്ന ഈ മൂന്നു സന്ദേശങ്ങൾ നമുക്കു നെഞ്ചോടു ചേർക്കാം.

അസാധ്യതകളിൽ സാധ്യതകളുടെ വിരുന്നൊരുക്കുന്ന ദൈവത്തിന്റെ കരങ്ങളെ തിരിച്ചറിയുന്നവരാകാം. സങ്കീർത്തകൻ പറഞ്ഞതുപോലെ ശാന്തരായി ദൈവത്തെ തിരച്ചറിയുന്നവരാകാം. അങ്ങനെ ദൈവത്തിന്റെ കൽപ്പനകളെ, ചട്ടങ്ങളെ മാനിക്കുന്ന നല്ല സ്നേഹത്തിന്റെ കുടുംബളെ നമുക്കു മെനയാം.

# 2014 ഡിസംബർ 14
# മാർ യൗസേപ്പിനുണ്ടായ ദർശനം

ഉൽപ. 37:5–11; പ്രഭാ. 7:1–17; ഏശ്ശ. 56:1–8;
അപ്പ. പ്രവ. 10:9–23. റോമ 2:1–11; മത്തായി 1:18–25.

ബ്രദർ ജോഷി റയ്മണ്ട് ഒ.ഐ.സി.

## പശ്ചാത്തലം

യേശുവിന്റെ വംശാവലിയാണ് ഈ വേദഭാഗത്തിന്റെ പശ്ചാത്തലം(മത്താ.1:1–17). പഴയനിയമപ്രവാചകന്മാരുടെ പ്രവചനങ്ങളുടെ പൂർത്തിയായും (ഏശ.7:14), നൂറ്റാണ്ടുകളായി രക്ഷകന്റെ വരവിനായി കാത്തിരുന്ന ഇസ്രായേൽജനത്തിന്റെ പ്രതീക്ഷയുടെ പൂർത്തിയുമെന്നോണം രക്ഷകനായ യേശു ദാവീദിന്റെ ഗോത്രത്തിലാണു ജനിക്കുന്നത്. ദാവീദിന്റെ ഗോത്രത്തിൽപെട്ട ജോസഫിന്റെ മകനായി യേശു ജനിച്ചു. ഈ പശ്ചാത്തലത്തിലാണു വി. മത്തായി, ജോസഫിനുണ്ടായ ദർശനം ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്.

## പ്രമേയം

ജോസഫിനുണ്ടായ ദർശനമാണു ഈ വചനഭാഗത്തിന്റെ മുഖ്യപ്രമേയം (മത്താ. 1:18–25). ദാവീദിന്റെ ഗോത്രത്തിൽപ്പെട്ട ജോസഫ് പൂർവ്വപിതാക്കന്മാരെ പോലെ നീതിമാനായിരുന്നു. അങ്ങനെ നീതിമാനായ ജോസഫും, നന്മ നിറഞ്ഞ മറിയവും യേശുവിന്റെ ദൈവികജനനത്തിൽ പങ്കാളികളായിത്തീരുന്നു.

## വിചിന്തനം

ജോസഫിനുണ്ടായ ദർശനത്തെപ്പറ്റി ധ്യാനിക്കുമ്പോൾ ഉന്നതമായ ദൈവികപദ്ധതിയുടെ പൂർത്തീകരണത്തിനായി മാനുഷിക പദ്ധതികളെ ബലികഴിക്കുക എന്ന സന്ദേശമാണു നമുക്കു ലഭിക്കുന്നത്. മാർ യൗസേപ്പിനെക്കുറിച്ചു നീതിമാൻ എന്നതിലുപരി കൂടുതൽ പരാമർശങ്ങളൊന്നും

തന്നെ നമുക്കു ബൈബിളിൽ കണ്ടെത്തുവാൻ സാധിക്കുകയില്ല. ബൈബിൾ ഉടനീളം പരിശോധിച്ചാൽ ഇങ്ങനെയുള്ള വ്യക്തിത്വങ്ങളെ നമുക്കു ധാരാളം കണ്ടെത്താൻ കഴിയും. പഴയനിയമത്തിൽ പൂർവ്വപിതാവായ അബ്രഹാമും, നോഹയും പുതിയ നിയമത്തിൽ യേശുവിന്റെ അമ്മയായ മറിയവും ഇതിനുള്ള ഏതാനും ഉദാഹരണങ്ങൾ മാത്രം. ഇവരുടെയെല്ലാം ജീവിതം പരിശോധിച്ചാൽ അവരെല്ലാവരും തന്നെ നീതിമാന്മാരും, ദൈവികവെളിപാടുകളെ തിരിച്ചറിയുന്നവരും സർവ്വോപരി ദൈവികപദ്ധതിയുടെ പൂർത്തീകരണത്തിനായി തങ്ങളുടെ പദ്ധതികളെ ബലികഴിച്ചവരുമായിരുന്നു. മാർ യൗസേപ്പിന്റെ ജീവിതവും ഇതിനൊരു ഉത്തമ ഉദാഹരണമാണ്.

## 1. നീതിമാനായിരിക്കുക:

എന്താണ് നീതി എന്നു ചോദിച്ചാൽ ഉത്തരം പറയാൻ ചിലപ്പോൾ വളരെ പ്രയാസമായിരിക്കും. എങ്കിലും ഒരുവിധം അനുയോജ്യമെന്നു തോന്നുന്ന നിർവചനം ഇതാണ്. ഒരുവനു അർഹതപ്പെട്ടതു നൽകുന്നതാണു നീതി. അതു ശാരീരികമോ, ആത്മീയമോ, ഭൗതികമോ, ബൗദ്ധികമോ ആയ നന്മകളാവാം. എന്നാൽ ബൈബിളിലൂടെ കടന്നുപോകുമ്പോൾ നീതിക്ക് ഇതിനെക്കാളുപരിയായ ഒരർത്ഥതലമുണ്ടെന്നു നമുക്കു മനസിലാക്കുവാൻ കഴിയും. അർഹിക്കുന്നതിലധികമായ കരുണ കാണിക്കുക എന്നതാണു ബൈബിൾ നമ്മെ പഠിപ്പിക്കുന്ന, ക്രിസ്തു നമ്മെ പഠിപ്പിക്കുന്ന നീതി. ഉദാഹരണത്തിന് ഇവിടെ യൗസേപ്പിനെ വിശേഷിപ്പിക്കുന്നതു നീതിമാൻ എന്നാണ് (മത്താ. 1:19). എന്തുകൊണ്ടാണു യൗസേപ്പിനെ നീതിമാൻ എന്നു വിശേഷിപ്പിക്കുന്നത്? ഇവിടെ അൽപ്പം ചരിത്രം മനസിലാക്കേണ്ടതുണ്ട്. യഹൂദ പാരമ്പര്യമനുസരിച്ചു വിവാഹത്തിനു ഒരു വർഷം മുമ്പ് വിവാഹനിശ്ചയം നടത്തുകയും, വധൂവരന്മാർ അവരവരുടെ പിതൃഭവനങ്ങളിൽ താമസിക്കുകയും ചെയ്യുന്നു. ഈ കാലഘട്ടത്തിൽ അവരിലാരെങ്കിലും അവിശ്വസ്തരായി കാണപ്പെടുകയാണെങ്കിൽ യഹൂദ പാരമ്പര്യമനുസരിച്ച് പുരോഹിതസമക്ഷം വിചാരണചെയ്യുകയും, കല്ലെറിഞ്ഞു കൊല്ലുകയുമാണു പതിവ് (നിയമാ. 22:24). എന്നാൽ യൗസേപ്പ് താനുമായി വിവാഹനിശ്ചയം നടത്തിയിരിക്കുന്ന

ഗർഭിണിയായ മറിയത്തെ പുരോഹിതസമക്ഷത്തിൽ കൊണ്ടുവന്നു വിചാരണനടത്തുവാനോ, അവളെ അപമാനിതയാക്കാനോ ശ്രമിക്കുന്നില്ല. മറിച്ച് അവളെ രഹസ്യമായി ഉപേക്ഷിക്കുവാനാണു ശ്രമിക്കുന്നത് (മത്താ. 1:19). ഇവിടെയാണു യൗസേപ്പിന്റെ നീതിയുടെ വലിപ്പം നമുക്കു മനസിലാക്കാൻ കഴിയുന്നത്. അർഹിക്കുന്നതിലധികമായ കരുണ യൗസേപ്പ് ഇവിടെ മറിയത്തോടു പ്രകടമാക്കുന്നു. ഇതാണ് യൗസേപ്പിന്റെ നീതിയുടെ പ്രത്യേകത.

അപരന്റെ കുറവുകൾ കണ്ടെത്തുവാനും അതിനെ ആഘോഷമാക്കി മാറ്റുവാനും വെമ്പൽകൊള്ളുന്ന ഈ ആധുനികകാലഘട്ടത്തിൽ ക്രൈസ്തവരായ നമ്മുടെ ഉത്തരവാദിത്തം എന്നത് യൗസേപ്പിനെപ്പോലെ, അർഹിക്കുന്നതു മാത്രമല്ല, അർഹിക്കുന്നതിലധികമായ കരുണ മറ്റുള്ളവരോടു കാണിച്ചുകൊണ്ടു ഓരോരുത്തരും ആയിരിക്കുന്ന അവസ്ഥകളിൽ അവരെ അംഗീകരിച്ചുകൊണ്ടു ക്രിസ്തീയനീതി നടപ്പാക്കുക എന്നതാണ്.

## 2. നീതിമാൻ: രക്ഷാകരപദ്ധതികളെ തിരിച്ചറിയുന്നവൻ:

ബൈബിളിലൂടനീളം ദൈവം തന്റെ രക്ഷാകരപദ്ധതി സ്വപ്നം, മാലാഖയുടെ ദർശനം, എരിയുന്ന മുൾപ്പടർപ്പ്, അഹറോന്റെ തളിർത്ത വടി തുടങ്ങിയ അടയാളങ്ങളിലൂടെ വെളിപ്പെടുത്തുന്നുണ്ട്. ഉദാഹരണമായി പൂർവ്വപിതാവായ ജോസഫിന്റെ സ്വപ്നം (ഉൽപ.37:5-11), ദാവീദുരാജാവിന്റെ മകനായ സോളമന്റെ സ്വപ്നം (1രാജാ. 3:5), ഇവിടെ യൗസേപ്പിന് സ്വപ്നത്തിലൂടെ (മത്താ. 1-20) ലഭിക്കുന്ന മാലാഖയുടെ സന്ദേശം. ഇവിടെയെല്ലാം അടയാളങ്ങളിലൂടെയുള്ള ദൈവത്തിന്റെ രക്ഷാകരപദ്ധതി അവർ തിരിച്ചറിയുകയും തങ്ങളുടെ ജീവിതത്തിലൂടെ അതു യാഥാർത്ഥ്യമാക്കുകയും ചെയ്തു. ആട്ടിടയനായ ജോസഫ് ഈജിപ്തിലെ ഭരണാധികാരിയും, അനുഭവജ്ഞാനമില്ലാത്ത സോളമൻ ചരിത്രത്തിലെ ജ്ഞാനിയായ സോളമൻ രാജാവും, വെറും തച്ചനായ യൗസേപ്പ് യേശുവിന്റ വളർത്തുപിതാവുമായി മാറുന്നതുമെല്ലാം തങ്ങൾക്കു ലഭിച്ച സ്വപ്നങ്ങളെ ദൈവികപദ്ധതിയുടെ വെളിപാടുകളായി തിരിച്ചറിഞ്ഞതുകൊണ്ടാണ്.

ഈ ഒരു തിരിച്ചറിവിലേക്കാണു നാം ഓരോരുത്തരും കടന്നുവരേണ്ടത്. ഇന്നും നാം ആയിരിക്കുന്ന ജീവിതസാഹചര്യങ്ങളിൽ ദൈവത്തിന്റെ പദ്ധതിയുടെ വെളിപാടുകൾ നമുക്കു ലഭിക്കുന്നുണ്ട്-മാതാപിതാക്കളുടെ ഉപദേശങ്ങളിലൂടെ, ഗുരുക്കന്മാരുടെ മാർഗ്ഗനിർദ്ദേശങ്ങളിലൂടെ, ജീവിതത്തിലെ ചില പരാജയങ്ങളിലൂടെ, ദുരന്തങ്ങളിലൂടെ-ഇവയെ ദൈവത്തിന്റെ പദ്ധതിയുടെ അടയാളങ്ങളായി തിരിച്ചറിയാൻ നമുക്കു കഴിയുമോ? കഴിയുമെങ്കിൽ നാം ദൈവത്തിന്റെ പദ്ധതിയിൽ ഭാഗഭാക്കുകളായി മാറും.

## 3. നീതിമാൻ: ദൈവികപദ്ധതിക്കായി സ്വന്തം പദ്ധതികളെ ബലികഴിക്കുന്നവൻ:

ബൈബിളിൽ ഉൽപത്തി പുസ്തകം 12-ാം അദ്ധ്യായത്തിൽ ദൈവം അബ്രഹാമിനെ വിളിക്കുന്നതുമുതലാണ് ചരിത്രപ്പുസ്തകമായി അംഗീകരിക്കപ്പെട്ടിട്ടുള്ളത്. അങ്ങനെ നോക്കുമ്പോൾ ചരിത്രത്തിന്റെ ആരംഭം മുതൽ ദൈവികപദ്ധതിക്കായി സ്വന്ത ഇഷ്ടങ്ങളെ ബലികഴിക്കുന്നവരെ നമുക്കു കാണാം. ഇവിടെ തന്റെ ദേശത്തെയും, ബന്ധുക്കളെയും പിതൃഭവനത്തേയും വിട്ടു (ഉൽപ. 12:1) ദൈവം കാണിച്ചുകൊടുത്ത നാട്ടിലേക്കു അബ്രഹാമും കുടുംബവും യാത്രയാകുന്നു. ദൈവത്തിന്റെ കല്പനയനുസരിച്ച് അബ്രഹാം തന്റെ ഇഷ്ടങ്ങളെ ഇവിടെ മാറ്റിവയ്ക്കുന്നു. ദൈവത്തിന്റെ കൽപ്പനയനുസരിച്ചു തന്റെ ഏകപുത്രനെ പോലും ബലിയർപ്പിക്കുവാൻ അബ്രഹാം മടിക്കുന്നില്ല (ഉൽപ.22:16). ഇവിടെ യൗസേപ്പ് കർത്താവിന്റെ ദൂതൻ കൽപ്പിച്ചതുപോലെ പ്രവർത്തിക്കുന്നു (മത്താ. 1:24). രഹസ്യമായി ഉപേക്ഷിക്കാനിരുന്ന ഗർഭിണിയായ മറിയത്തെ തന്റെ ഭാര്യയായി സ്വീകരിച്ചു. ദൈവത്തിന്റെ പദ്ധതിക്കനുസരിച്ച് സ്വന്തം ഇഷ്ടങ്ങളെ ബലികഴിക്കുക എന്നതു വളരെയധികം ത്യാഗം ആവശ്യപ്പെടുന്ന വസ്തുതയാണ്. കാരണം താൻ എന്താലോചിച്ചുവോ, തീരുമാനിച്ചുവോ അതിനു നേരെ വിപരീതമായ കാര്യമായിരിക്കും ഓരോരുത്തരും ചെയ്യേണ്ടിവരുന്നത്. എന്നാൽ യാതൊരു മടിയും കൂടാതെ ദൈവികപദ്ധതിക്കനുസരിച്ചു പ്രവർത്തിക്കുന്ന യൗസേപ്പിനെ നമുക്കുകാണാം.

നമ്മുടെ ജീവിതത്തിൽ ദൈവത്തിന്റെ പദ്ധതിയുടെ പൂർത്തീകരണത്തിനായി നമ്മുടെ പദ്ധതികൾ മാറ്റിവയ്ക്കുവാൻ നമുക്കു സാധിക്കുന്നുണ്ടോ? വളരെ നിസ്സാരമെന്നു തോന്നുന്ന ഞായറാഴ്ച ട്യൂഷനു മക്കളെ വിടാതെ വി. കുർബാനയ്ക്കും, മതബോധന ക്ലാസ്സിനും വിടുമ്പോൾ, ഞായറാഴ്ച ലാഭം ലഭിക്കുമായിരുന്ന ബിസിനസുകൾക്കു പോകാതെ വി. കുർബാനയിൽ സംബന്ധിക്കുമ്പോൾ ഇവിടെയെല്ലാം നാം ദൈവത്തിന്റെ പദ്ധതിക്കായി നമ്മുടെ പദ്ധതികളെ മാറ്റി വയ്ക്കുകയാണ്. വളരെ വലിയ കാര്യങ്ങളൊന്നും ദൈവം നമ്മിൽ നിന്ന് ആവശ്യപ്പെടുന്നില്ല, മറിച്ച് ഇങ്ങനെയുള്ള ചെറിയകാര്യങ്ങളിലൂടെ ദൈവത്തിന്റെ പദ്ധതി നമുക്കു പൂർത്തിയാക്കാം

## ഉപസംഹാരം

രക്ഷകന്റെ ജനനത്തിനായുള്ള ഒരുക്കത്തിന്റെ നാളുകളിലൂടെ കടന്നുപോകുമ്പോൾ ജീവിതത്തെ ദൈവികപദ്ധതിക്കനുസരിച്ചു രൂപപ്പെടുത്തുവാൻ തിരുവചനം നമ്മെ ഓർമ്മിപ്പിക്കുന്നു. അർഹിക്കുന്നതിലധികം കരുണകാണിക്കുന്ന ക്രിസ്തീയ നീതിയിലേക്കും, ദൈവിക വെളിപാടുകൾ തിരിച്ചറിഞ്ഞുകൊണ്ടു ദൈവികപദ്ധതിക്കായി സ്വന്തം പദ്ധതികളെ ബലികഴിക്കുവാനും അങ്ങനെ ദൈവികപദ്ധതികളിൽ പങ്കുചേർന്നുകൊണ്ടു ജീവിതത്തെ ധന്യമാക്കിതീർക്കാനും മാർ യൗസേപ്പിന്റെ ജീവിതമാതൃക നമ്മെ ഓരോരുത്തരേയും ആഹ്വാനം ചെയ്യുന്നു.

# 2014 ഡിസംബർ 21

# യൽദായ്ക്കു മുമ്പുള്ള ഞായർ

മത്താ.1:1–17; ഉല്പ. 46:8–27; റൂത്ത് 1:6–22; ഏശ. 11:1–9;
1 യോഹ. 5:6–12; ഹെബ്രാ. 7:11–19; ലൂക്കോസ് 2:1–5

ബ്ര. ജോബി തോമസ് ഒ.ഐ.സി.

### സന്ദർഭം

വി. ലൂക്കോസിന്റെ സുവിശേഷത്തിലെ യേശുവിന്റെ ബാല്യകാലവിവരണങ്ങളിൽ പ്രധാനസംഭവമായ തിരുപ്പിറവിക്കുമുമ്പു ജോസഫ് പിതാവും പരിശുദ്ധ മറിയവും നടത്തുന്ന യാത്രയാണു ഇന്നത്തെ പ്രതിപാദ്യ വിഷയം. അഗസ്റ്റസ് സീസറിന്റെ കാലയളവിനോടു ബന്ധിപ്പിച്ചാണ് യേശുവിന്റെ ജനനം ലൂക്കോസ് വിവരിക്കുന്നത്. "ലോകമാസകലമുള്ള ജനങ്ങളുടെ പേരെഴുതിചേർക്കപ്പെടണം"(ലൂക്ക 2:1). എന്ന അഗസ്റ്റസ് സീസറിന്റെ കൽപ്പനായാണു മിശിഹാ, ദാവീദിന്റെ പട്ടണത്തിൽ ജനിക്കണം എന്ന ദൈവനിശ്ചയത്തിന്റെ പൂർത്തീകരണത്തിനു നിമിത്തമായത്. മറിയത്തിന്റെ ഗർഭകാലത്തുതന്നെ ഈ കല്പന വരുന്നത് പ്രവാചകന്മാരിലൂടെ ദൈവം വാഗ്ദാനം ചെയ്ത പ്രവചനം (മിക്കാ. 5:1) നിറവേറ്റുന്നതിന്റെ പ്രത്യക്ഷ ഉദാഹരണമാണ്.

### പ്രമേയം

അഗസ്റ്റസ് സീസറിന്റെ കല്പനയോടു പ്രത്യുത്തരിച്ചുകൊണ്ടു ജോസഫും മറിയവും പേരെഴുതിക്കുവാനായി ഗലീലയിലെ പട്ടണമായ നസ്രത്തിൽ നിന്നു ദാവീദിന്റെ പട്ടണമായ ബേത്ലഹേമിലേക്കു പോകുന്ന യാത്രയാണു വി. ലൂക്കോസിന്റെ സുവിശേഷം 1 മുതൽ 5 വരെയുള്ള വാക്യങ്ങളിൽ പ്രതിപാദിക്കുന്നത്.

### സന്ദേശം

യേശുവിന്റെ ജനനപ്പെരുന്നാളിന് ഒരുക്കമായി സഭ നമ്മുടെ വിചിന്തനത്തിനായി ഈ വേദഭാഗം തന്നതിന് ഒരു പ്രത്യേക ലക്ഷ്യമുണ്ട്.

അതായത്, ലോകത്തിന്റെ രക്ഷകനെ, അതിലുപരി നമ്മുടെ ഓരോരുത്തരുടെയും രക്ഷകനെ സ്വീകരിക്കാൻ നാം നമ്മെത്തന്നെ ഒരുക്കുക എന്നതാണ്. "ദാവീദിന്റെ വംശത്തിൽ നീതിയുടെ ശാഖ മുളപ്പിക്കുന്ന സമയം വരുന്നു"(ജറ.23:5) എന്ന് ജറമിയാ പ്രവാചകനിലൂടെ അരുളിച്ചെയ്ത പ്രവചനത്തിന്റെ പൂർത്തീകരണമാണ് ഇവിടെ നടക്കുന്നത്. വചനിപ്പിലൂടെ ദൈവം അനുഗ്രഹിച്ച നസ്രത്തിലെ ഭവനത്തിൽ നിന്നു തിരഞ്ഞെടുക്കപ്പെട്ട നഗരമായ ബേത്‌ലഹേമിലേക്കുള്ള യാത്രയാണ് ഇവിടെ ജോസഫും മറിയവും നടത്തുന്നത്. ഇവരുടെ ഈ യാത്ര വളരെ പ്രത്യേകതകൾ നിറഞ്ഞതായിരുന്നു.

-അതിന് ഒരു ലക്ഷ്യമുണ്ടായിരുന്നു/ ഉദ്ദേശ്യശുദ്ധിയുണ്ടായിരുന്നു.

- അത് പങ്കുവയ്ക്കലിന്റെ/ സഹനത്തിന്റെ യാത്രയായിരുന്നു.

## അതിന് ഒരു ലക്ഷ്യമുണ്ടായിരുന്നു/ ഉദ്ദേശ്യ ശുദ്ധിയുണ്ടായിരുന്നു

യാത്രകൾക്കെല്ലാം ഒരു ലക്ഷ്യമുണ്ട്. ഓരോ യാത്രയേയും വ്യത്യസ്തമാക്കുന്നത് അതിന്റെ പിന്നിലെ ഉദ്ദേശ്യശുദ്ധിയാണ്. സാധാരണ രീതിയിൽ ചിന്തിച്ചാൽ ജോസഫിന് ഈ യാത്ര ഒഴിവാക്കാൻ തക്കതായ കാരണങ്ങൾ ഉണ്ടായിരുന്നു. എങ്കിലും, ഈ യാത്രയ്ക്ക് ഇറങ്ങിപ്പുറപ്പെടുമ്പോൾ അതിന്റെ പിന്നിലെ ചേതോവികാരം നിയമങ്ങൾ അനുസരിക്കുന്ന ഒരു സാധാരണക്കാരന്റെ മാത്രമാണ്. അതുകൊണ്ടാണല്ലോ, ബൈബിൾ നീതിമാൻ എന്ന വാക്കിൽ അദ്ദേഹത്തെ ചിത്രീകരിക്കുന്നത്. ലോകത്തിലെ സർവ്വജനങ്ങളും ഒരു യാത്രയിലാണ്. അവരവരുടേതായ ലക്ഷ്യങ്ങളിലേക്കുള്ള യാത്ര. ഒരു ക്രൈസ്തവന്റെ യാത്രയെ മറ്റുള്ളവരുടെ യാത്രകളിൽ നിന്നു വ്യത്യസ്തമാക്കുന്നത് അതിന്റെ പ്രത്യേകമായ ലക്ഷ്യവും ഉദ്ദേശ്യശുദ്ധിയുമാണ്. ഈ ലക്ഷ്യം സ്വർഗ്ഗീയ ജറുസലേമും, ഉദ്ദേശ്യശുദ്ധി സ്വർഗ്ഗത്തിലുള്ള പേരെഴുതിക്കലുമാണ്. യാത്ര മാറ്റിവയ്ക്കാൻ പല പോംവഴികൾ ഉണ്ടായിരുന്നുവെങ്കിലും

ജോസഫ് യാത്രതുടരാൻ നിശ്ചയിക്കുന്നു. എന്നാൽ, ഇന്നു നമ്മുടെ ലക്ഷ്യ പ്രാപ്തിക്കു ഭംഗം വരുത്തുന്ന തടസ്സങ്ങൾ വളരെയാണ്. ദൈവിക നിയമങ്ങളെ ശിരസ്സാവഹിക്കുമ്പോൾ മാത്രമേ നമ്മുടെ ലക്ഷ്യങ്ങൾക്കു തടസ്സം നിൽക്കുന്നവയെ പിഴുതെറിയുവാൻ നമുക്കു സാധിക്കുക യുള്ളൂ.

## അത് പങ്കുവയ്ക്കലിന്റെ/ സഹനത്തിന്റെ യാത്രയായിരുന്നു

ഉപേക്ഷകളോടെ നടത്തേണ്ട ഈ യാത്രകൾക്കു കൂട്ടായിട്ടുള്ളതു പങ്കുവയ്ക്കലും സഹനങ്ങളും മാത്രമാണ്. ജോസഫ് പൂർണ്ണ ഗർഭിണിയായ മറിയത്തെ തന്റെ സഹയാത്രികയായി കൂടെ കൂട്ടുന്നത് ഒറ്റയ്ക്ക് ഒരു യാത്ര നടത്തുവാനുള്ള ധൈര്യക്കുറവു കൊണ്ടൊന്നു മല്ലല്ലോ. സ്ത്രീ പുരുഷന്റെ സാമീപ്യം ഏറെ ആഗ്രഹിക്കുന്നു എന്ന മനശാസ്ത്രം അറിഞ്ഞിട്ടെന്നവണ്ണം ഈ നീണ്ട യാത്രയിൽ ജോസഫ് ഗർഭിണിയായ മറിയത്തേയും കൂട്ടുന്നു. അതിനാലാണ് ഇതിനെ പങ്കു വയ്ക്കലിന്റെ യാത്രയെന്ന് നാം വിശേഷിപ്പിക്കുന്നത്. ഈ യാത്രയിലെ എല്ലാ പ്രതിബന്ധങ്ങളിലും പരസ്പരം കൂടെയായിരിക്കുവാൻ അവർ ക്കു സാധിച്ചത്, പങ്കുവയ്ക്കലിന്റെ ശക്തിയിൽ നിന്നാണ്. ഇന്നത്തെ ലോകത്തിൽ പങ്കുവയ്ക്കലുകൾ നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്നു. ഈ പങ്കുവയ്ക്കലുകകൾ നഷ്ടപ്പെടുന്നതുമൂലം ബന്ധങ്ങൾ ഒക്കെയും ബന്ധനങ്ങൾ ആകുന്നു, ജീവിതങ്ങളൊക്കെയും ഒറ്റപ്പെട്ട തുരുത്തുകളാ കുന്നു. നമ്മുടെ സമൂഹജീവിതത്തിലും കുടുംബ ജീവിതത്തിലും സഹന ങ്ങളിൽ കൂടി കടന്നു പോകുന്നവരെ ഒറ്റയ്ക്കു യാത്ര ചെയ്യുവാൻ അനുവദിക്കാതെ അവരുടെ കൂടെ ആയിരിക്കുവാനുള്ള ഒരു നിയോഗ വും നമുക്കുണ്ട്.

## സഹനം സന്തോഷത്തിന്റെ പങ്കുവയ്ക്കൽ

ചില സഹനങ്ങൾ ഒരുനാൾ നമ്മെ മുറിപ്പെടുത്തിയെങ്കിൽ ദിന ങ്ങൾ കഴിയുമ്പോൾ ആ മുറിവുകൾ എത്രയോ സന്തോഷത്തിന്റെ അനു

വങ്ങളാണ് നമുക്കു നല്കുക! ജോസഫിന്റെയും മറിയത്തിന്റെയും ഈ സഹന യാത്ര ചെന്നുനില്ക്കുന്നത് പുൽക്കൂട്ടിലും പുല്ക്കൂട്ടിൽ പിറന്ന ക്രിസ്തുവിലുമാണ്. പുൽക്കുട്ടിൽ പിറന്ന രക്ഷനാണല്ലോ ജോസഫിന്റെയും മറിയത്തിന്റെയും യാത്രയേക്കാളുപരി നമ്മുടെ ഉള്ളിൽ പച്ച പിടിച്ചുനിൽക്കുന്നത്. രക്ഷകനു ജന്മം നല്കുന്നതിനു മുമ്പ് ജോസഫും മറിയവും അവരുടെ സഹനങ്ങളിൽ  പരസ്പരം തുണയായിരുന്നതു പോലെ നമുക്കും  നമ്മുടെ സഹനങ്ങളിൽ അന്യോന്യം തുണയായിരിക്കാം.

## ഉപസംഹാരം

സ്വർഗ്ഗീയ ജറുസലേമിൽ പേരെഴുതിക്കുവാനുള്ള യാത്രയിൽ സഹനങ്ങൾ ഏറ്റെടുക്കുവാനും മറ്റുള്ളവരുടെ സഹനങ്ങളിൽ അവരോടു കൂടെയായിരിക്കുവാനും നമുക്കു സാധിക്കുമ്പോൾ നാം എത്തിച്ചേരുന്നത് പുൽക്കൂട്ടിലും  രക്ഷയുടെ പ്രതീകമായ ക്രിസ്തുവിലുമാണ്. ജനനത്തിരുന്നാളിനു വേണ്ടി ഒരുങ്ങുന്ന ഈ നാളുകളിൽ ഇത്തരം ഒരു യാത്ര നടത്തുവാനും അങ്ങനെ പുൽക്കൂട്ടിൽ എത്തിച്ചേരുവാനും നമുക്കു  സാധിക്കട്ടെ.

# 2014 ഡിസംബർ 25
# യൽദാപെരുന്നാൾ

ഉൽപ. 21:1-8; സങ്കീ.96:1-13; മിഖാ. 5:1-6, 1 യോഹ. 1:1-10; തീത്തോ. 2:11-15; മത്തായി 2:1-12

ബ്രദർ ജിയോ പോൾ ഓ.ഐ.സി.

## പശ്ചാത്തലം

ക്രിസ്തുവിനെ പ്രവചനങ്ങളുടെ പൂർത്തീകരണമായിട്ടാണു വി. മത്തായി ശ്ലീഹാ അവതരിപ്പിക്കുന്നത്. ഈ വസ്തുത പലതരത്തിലായി സുവിശേഷത്തിൽ നാം കാണുന്നു. ഉദാ: അവൻ ദാവീദിന്റെ വംശത്തിൽ നിന്നു ജനിച്ചു(1:1,6;17;20) അതിനാൽ അവൻ ദാവീദിന്റെ പുത്രൻ എന്നു വിളിക്കപ്പെടുന്നു (9:27,12;23, 15:22, 21:9). സുവിശേഷകൻ ക്രിസ്തുവിനെ രാജകീയ മിശിഹായായിട്ടാണു അവതരിപ്പിച്ചിരിക്കുന്നത്. അതിനാലാണു ജ്ഞാനികളുടെ സന്ദർശനസമയത്തു അവർ യഹൂദരുടെ രാജാവ് എവിടെയാണു ജനിച്ചിരിക്കുന്നത് എന്ന് അന്വേഷിച്ചത്.

## പ്രമേയം

രക്ഷകന്റെ ജനനത്തെപ്പറ്റി വിവിധ വ്യക്തികൾക്കു ദർശനങ്ങളും വെളിപാടുകളും ലഭിക്കുന്നു. അതിനോടുള്ള അവരുടെ പ്രതികരണങ്ങളും വ്യത്യസ്തമാണ്. ഈ പ്രതികരണങ്ങളിൽ നിന്നുതന്നെ രക്ഷകന്റെ ജനനത്തിന്റെ സവിശേഷത സുവിശേഷകൻ വെളിവാക്കിത്തരുന്നു.

## വിചിന്തനം

യേശുവിന്റെ ജനനത്തിരുനാളിന്റെ ആത്യന്തികമായ ലക്ഷ്യം രക്ഷകനെ കണ്ടെത്തുകയെന്നുള്ളതാണ്. എന്നാൽ രക്ഷകന്റെ ജനനത്തിനായി ഏദനിലെ വാഗ്ദാനത്തിൽ തുടങ്ങി കാത്തിരിക്കുന്ന ഒരു ജനസമൂഹം; പക്ഷേ, മിശിഹായുടെ ജനനം സംഭവിച്ചു കഴിഞ്ഞപ്പോൾ അവരുടെ പ്രതികരണം വ്യത്യസ്തമാകുന്നതായി നാം സുവിശേഷത്തിൽ

കാണുന്നു. അവൻ സ്വജനത്തിന്റെ അടുത്തേയ്ക്കുവന്നു, എന്നാൽ അവർ അവനെ സ്വീകരിച്ചില്ല. (യോഹ. 1:11). ക്രിസ്തുവിന്റെ ജനനം തന്നെ വിവാദവിഷയമായിട്ടാണു സുവിശേഷകൻ അവതരിപ്പിക്കുന്നത്. അതായതു- രാജാവു പുൽത്തൊട്ടിയിൽ പിറക്കുക, ശിശുവധം, ജനനവാർത്തയോടുള്ള വിവിധ പ്രതികരണങ്ങൾ അതിനുദാഹരണമാണ്. ഇന്നത്തെ വിചിന്തനത്തിനു വിഷയമാക്കുന്നതു രക്ഷകന്റെ ജനനം വിവിധ വ്യക്തികളിലുളവാക്കുന്ന പ്രതികരണങ്ങളാണ്.

### 1. അസ്വസ്ഥനായ ഹേറോദേസ്

ഇതു കേട്ടു ഹേറോദേസ് രാജാവു അസ്വസ്ഥനായി അവനോടൊപ്പം ജറുസലേം മുഴുവനും(2:3). സ്വാഭാവികമായി ചിന്തിക്കുകയാണെങ്കിൽ ഒരു ശിശുവിന്റെ ജനനവാർത്തകേട്ടു ഹേറോദേസ് അസ്വസ്ഥനാകേണ്ട കാര്യമില്ല എന്നാൽ, യഹൂദരുടെ രാജാവ് എന്ന പ്രയോഗം ഹേറോദേസിനേയും ജറുസലേം മുഴുവനേയും അസ്വസ്ഥരാക്കിയതായി ഇവിടെ സുവിശേഷകൻ രേഖപ്പെടുത്തുന്നു. കാരണം ഹേറോദേസിനു തന്റെ അധികാരം നഷ്ടമാകുമോയെന്നും, തനിക്കു ബദലായി ഒരു രാജാവുകൂടിയോ എന്ന ചിന്തയും അവനെ അസ്വസ്ഥനാക്കി.

നമ്മുടെ ജീവിതത്തിലും ചിലപ്പോൾ ഇതേ പ്രതികരണം ഉണ്ടാകാറുണ്ട്. കാരണം നാം പലരീതിയിൽ അധികാരം കയ്യാളുന്നവരാണ്. മാതാപിതാക്കൾ മക്കളുടെ മേൽ, ഭർത്താവു ഭാര്യയുടെ മേൽ, അധികാരികൾ അധീനരുടെ മേൽ അധികാരം പലപ്പോഴും നമ്മെ അസ്വസ്ഥരാക്കാറുണ്ട്. കാരണം പലതും നഷ്ടപ്പെടുമെന്ന പേടി. ക്രിസ്തുവിനെ കണ്ടെത്തണമെങ്കിൽ നാം പലതും നഷ്ടമാക്കേണ്ടി വരും. നഷ്ടപ്പെടുത്തുന്നവർ വേദനിക്കേണ്ടി വരും. ജനനത്തിരുന്നാൾ നഷ്ടപ്പെടുത്തലിന്റെ കഥയാണു നമ്മോടു പറയുന്നത്. കുഞ്ഞുങ്ങളെ നഷ്ടപ്പെട്ട അമ്മമാരുടെ കഥ, ജീവിതസൗഭാഗ്യങ്ങൾ നഷ്ടപ്പെട്ട കന്യകമാരുടെ കഥ, സ്വയം ശൂന്യമാക്കിയ ഒരു ദൈവത്തിന്റെ കഥ....

### 2. നിസ്സംഗൻമാരായ പുരോഹിതരും, നിയമജ്ഞരും

യേശുവിന്റെ ജനനവാർത്ത ശരിയാണോ എന്നറിയാൻ ഹേറോ

ദേസ് പ്രധാനപുരോഹിതരേയും ജനത്തിനിടയിലെ നിയമഞ്ജരേയും വിളിച്ചുകൂട്ടി (2:4). ഇവിടെ ഒരു കാര്യം ശ്രദ്ധേയമാണ്. രക്ഷകന്റെ ജനനം ബേത്‌ലഹേമിലായിരിക്കുമെന്നു നിയമഞ്ജർക്കറിയാം (2:5). ഈ വാർത്ത കേട്ടു ജ്ഞാനികൾ പുറപ്പെടുന്നെങ്കിലും പ്രാധാനപുരോഹിതരും നിയമഞ്ജരും നിഷ്ക്രിയരായിരിക്കുന്നതായി നാം കാണുന്നു. യഹൂദജനം പ്രതീക്ഷിക്കുന്ന മിശിഹാ വന്നൂ എന്നറിഞ്ഞിട്ടും നിസ്സംഗൻമാരായ നിയമഞ്ജരേയും പുരോഹിതരേയും നാം ഇവിടെ കണ്ടുമുട്ടുന്നു. അറിവുണ്ടെങ്കിലും അജ്ഞത നടിക്കുന്നവർ... അവരെ സംബന്ധിച്ചടുത്തോളം രക്ഷകൻ വെറും അറിവായി മാത്രം നിൽക്കുന്നു.

നാം ഓരോരുത്തരും ഈ അവസ്ഥയിൽ നിന്നു വിഭിന്നരല്ല. രക്ഷയെപ്പറ്റിയും ജീവിതത്തെപ്പറ്റിയും ധാർമ്മികമൂല്യങ്ങളെപ്പറ്റിയും, നീതിയെപ്പറ്റിയും നാം അറിവുള്ളവരാണ്. പക്ഷേ, അറിവു വെറും അറിവിന്റെ തലത്തിൽ മാത്രം ഒതുങ്ങി നിൽക്കുന്നു. നമ്മുടെ അറിവിനെ പ്രായോഗികതയിലേക്കു കൊണ്ടുവരാൻ നാം മെനക്കെടാറില്ല. ഇതിനായി പരിശ്രമിക്കുന്നവർക്കു മാത്രമേ ക്രിസ്തുവിനെ കണ്ടെത്തുവാൻ കഴിയുകയുള്ളൂ.

## 3. ആരാധിക്കുന്ന ജ്ഞാനിസമൂഹം

വെറുമൊരു സൂചനകിട്ടിയപ്പോൾ നക്ഷത്രത്തെ പിൻതുടർന്നു വന്ന രാജാക്കന്മാർ പാരമ്പര്യമനുസരിച്ചു മൂന്നു പേരെന്നാണു വിശ്വാസം. അതുപോലെ ഇവർ സ്വപ്നങ്ങൾ വ്യാഖ്യാനിക്കുന്നവരാണെന്നും പറയപ്പെടുന്നു. ഇവർ നക്ഷത്രത്തെ വഴികാട്ടിയായി സ്വീകരിച്ചു രക്ഷകനെ കാണാനെത്തി. ആദ്യമായി ബേത്‌ലഹേമിൽ ജനിച്ച ശിശു അത്ഭുതശിശുവാണെന്നു തിരിച്ചറിഞ്ഞതും ഈ ജ്ഞാനികളാണ്. ക്രിസ്തുവിനെ കണ്ടെത്തിയതും ഇവർ തന്നെ. എന്നാൽ വി. ലൂക്കായുടെ സുവിശേഷത്തിൽ ജ്ഞാനികൾക്കുപകരം ആട്ടിടയരെയാണു അവതരിപ്പിക്കുന്നത് (ലൂക്ക 2:8). ഇവിടെ നക്ഷത്രമെങ്കിൽ ലൂക്കായുടെ സുവിശേഷത്തിൽ മാലാഖയാണു വഴികാട്ടി.

വി. മത്തായി, ജ്ഞാനികൾ യേശുവിനെ കാണാനെത്തിയെന്നും, അവർ രാജാക്കന്മാരായിരുന്നുവെന്നു പാരമ്പര്യവും പറയുമ്പോൾ നാം മനസ്സിലാക്കുക അറിവിനെ പ്രായോഗികതലത്തിൽ യഥാർത്ഥമായി ഉപയോഗിച്ച ജ്ഞാനികൾ; അധികാരത്തെ ത്യജിച്ചു ശിശുവിനെ ആരാധിക്കാൻവന്ന രാജാക്കന്മാർ (2:11). അറിവിന്റെ നിസ്സംഗത്വമോ, അധികാരത്തിന്റെ ഗർവ്വോ ഇല്ലാത്ത ഇവരാണു യേശുവിനെ കണ്ടെത്തിയത്. വെറും സാധാരണജീവിതം നയിക്കുന്ന ആട്ടിടയർക്കാണു അവനെ ആരാധിക്കാൻ ഭാഗ്യം സിദ്ധിച്ചത്. ചുരുക്കത്തിൽ ക്രിസ്തുവിനെ കണ്ടെത്തണമെങ്കിൽ ഒന്നുകിൽ ജ്ഞാനിയാകണം അല്ലെങ്കിൽ ഇടയനാകണം. ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ അവർ ദൈവത്തെ കാണും (മത്താ. 5:8).

## ഉപസംഹാരം

നഷ്ടപ്പെടുത്തലിന്റെ കഥയാണു ഓരോ ജനനത്തിരുന്നാളും നമുക്കു പറഞ്ഞു തരിക. സ്വർഗ്ഗം നഷ്ടപ്പെടുത്തിയ ഒരു ദൈവത്തിന്റെ കഥ, പുത്രനെ ഈ ലോകത്തോടുള്ള സ്നേഹം വഴി ബലിക്കുഞ്ഞാടായി നല്കിയ പിതാവിന്റെ കഥ ആയതിനാൽ നമുക്കുള്ളതെല്ലാം നഷ്ടപ്പെടുത്തി രക്ഷ എന്ന വലിയ നിധിയെ കണ്ടെത്താം. അറിവിനെ പ്രായോഗികതയിലേക്കു കൊണ്ടുവന്നു കാലത്തിന്റെ അടയാളങ്ങൾ വായിച്ചറിയുന്ന യഥാർത്ഥ ജ്ഞാനികളാകാം നമുക്ക്. നഷ്ടപ്പെടുത്തുമ്പോൾ നാം ഇടയരും (യോഹ. 10), അടയാളങ്ങൾ വിവേചിച്ചറിയുമ്പോൾ നാം ജ്ഞാനികളുമാകും. അങ്ങനെ ക്രിസ്തുവിനെ കണ്ടെത്താൻ നമുക്കു കഴിയട്ടെ. രാജാക്കന്മാർ അവരുടെ സമ്മാനങ്ങൾ നൽകിയതുപോലെ നമ്മെ തന്നെ പുൽക്കൂട്ടിൽ സമർപ്പിക്കുവാൻ നമുക്കു കഴിയട്ടെ.



# 2014 ഡിസംബർ 28

## യൽദായ്ക്കുശേഷം ഒന്നാം ഞായർ

ലൂക്കാ. 2:15-20; ഉൽപ. 21:8-14; ന്യായാ. 13:24-14:4;
സഖ 8:3-12; 1 പത്രോ 5:5-11; ഹെബ്രാ 3:1-6; ലൂക്കാ 2:36-52

ബ്രദർ തോമസ് ഫ്രാൻസിസ് ഒ.ഐ.സി.

### പശ്ചാത്തലം

യേശുവിന്റെ ബാല്യകാല വിവരണം വിശുദ്ധ ലൂക്കോസിന്റെ സുവിശേഷത്തിന്റെ മാത്രം സവിശേഷതയാണ്. ദേവാലയത്തിനു പ്രാധാന്യം കൽപ്പിച്ചുകൊണ്ടുള്ള യഹൂദ വീക്ഷണത്തിന്റെ സ്വാധീനം ഇവിടെ കാണാൻ സാധിക്കും. പഴയനിയമത്തിൽ സാമുവേൽ പ്രവാചകന്റെ ജീവിതത്തിൽ കാണുന്ന പ്രത്യേകതകളോട് ലൂക്കാ 2 52-ൽ കാണുന്ന ബാലനായ യേശുവിന് സാമ്യമുണ്ട്. സാമുവേലാകട്ടെ കർത്താവിന്റെയും മനുഷ്യരുടെയും പ്രീതിയിൽ വളർന്നു വന്നു. (1 സാമു 2-26) ജറുസലേം ദേവാലയത്തിൽ തങ്ങുന്ന ബാലനായ യേശു ഉപാദ്ധ്യായൻമാരോടുള്ള സഹവാസവും സംവാദവും വഴി ജ്ഞാനത്തിലും നസറത്തിലെ മാതാപിതാക്കൻമാരോടൊത്തുള്ള ജീവിതം വഴി പ്രായത്തിലും വളരുന്നതാണ് ഈ സുവിശേഷ ഭാഗത്തിന്റെ പശ്ചാത്തലം.

### പ്രമേയം

സ്വാഭാവിക വളർച്ചയുടെ ഗതിവികാസം മറ്റു മനുഷ്യരെപ്പോലെ യേശുവിനും ബാധകമായിരുന്നു. അതുപോലെ നമ്മുടെ വിശ്വാസവും, ബോധ്യങ്ങളും, ദൈവാനുഭവവും, ദൗത്യബോധവും പടിപടിയായി വളർന്നു പക്വത പ്രാപിക്കേണ്ടതാണ് എന്ന് ഇന്നത്തെ സുവിശേഷ ഭാഗത്തിലൂടെ സുവിശേഷകൻ നമ്മെ പ്രത്യേകം ഉദ്ബോധിപ്പിക്കുകയാണ്.

## സന്ദേശം

### 1) ജ്ഞാനത്തിൽ വളരണം

'ജ്ഞാനം' എന്ന വാക്കിന് മലയാളത്തിൽ നൽകുന്ന അർത്ഥം ഗുരുപദേശത്താലും ശാസ്ത്രപരിചയത്താലുമുണ്ടാകുന്ന അറിവ് എന്നും, ദൈവകാര്യങ്ങളെപ്പറ്റിയുള്ള അറിവ് എന്നുമാണ്. ജ്ഞാനി എന്ന വാക്കിന് അതിനാൽത്തന്നെ സമാനമായ അർത്ഥമാണ് നൽകപ്പെട്ടിരിക്കുന്നത്, ദൈവകാര്യങ്ങളെപ്പറ്റി അറിവുള്ളവൻ.

തന്റെ പന്ത്രണ്ടാം വയസ്സിൽ ഉപാദ്ധ്യായൻമാരോടു കൂടെയിരുന്ന് അവരെ ശ്രവിക്കുകയും ചോദ്യങ്ങൾ ചോദിക്കുകയും, ഉത്തരങ്ങൾ നൽകുകയും ചെയ്യുന്ന ബാലനായ യേശുവാണ് ജ്ഞാനത്തിൽ വളരുന്നതിനു നമുക്കുള്ള ഏറ്റവും വലിയ മാതൃക.

യേശുവിന്റെ കാലത്ത് ജ്ഞാനം നേടാനുള്ള ഏറ്റവും വലിയ മാർഗ്ഗവും അവർ തന്നെയായിരുന്നു. കാരണം, വിശുദ്ധ ലിഖിതങ്ങളെക്കുറിച്ചും അവയുടെ ആന്തരാഴങ്ങളെക്കുറിച്ചും ആഴത്തിലുള്ള ജ്ഞാനം ഉണ്ടായിരുന്നത് ഉപാദ്ധ്യായൻമാർക്കായിരുന്നു.

യേശുവിന് ജ്ഞാനം നേടാനുള്ള അഭിനിവേശം തന്റെ ബാല്യത്തിലെ തന്നെ ഉണ്ടായിരുന്നു. അതിനാൽ തന്നെ, ബാലനായ യേശുവിനെ കാണാതായി എന്നറിഞ്ഞ മാതാപിതാക്കൾ അവനെ അന്വേഷിച്ചു ചെന്നത് ദേവാലയത്തിന്റെ നടുവിലേക്കാണ്. മറിച്ച്, ഇന്റെർനെറ്റ് കഫേയിലേക്കോ, സിനിമാ തിയേറ്ററിലേക്കോ അല്ല. അന്നത്തെ കാലത്ത് മുകളിൽ സൂചിപ്പിച്ച സ്ഥലങ്ങൾ ഇതേ രൂപത്തിൽ ഇല്ലായിരുന്നെങ്കിലും, അതിനോടു സമാനമായി യുവാക്കൾക്കു ഹരം നൽകാൻ കഴിയുന്ന പ്രത്യേക വിനോദസ്ഥലങ്ങൾ ഉണ്ടായിരുന്നു എന്നത് ചരിത്രം സാക്ഷിക്കുന്ന വസ്തുതയാണ്. പക്ഷേ, യേശുവിന് ജ്ഞാനം നേടാനുള്ള അഭിനിവേശത്തെക്കുറിച്ച് ഒന്നല്ലെങ്കിൽ മറ്റൊരു രീതിയിൽ അവന്റെ മാതാപിതാക്കൾ മനസ്സിലാക്കിയതുകൊണ്ടാണ് അവർ അവനെ ദേവാലയത്തിൽ അന്വേഷിച്ചു ചെല്ലുന്നത്.

ഇന്ന് നമ്മെ സംബന്ധിച്ചിടത്തോളം ജ്ഞാനം നേടാൻ ഉപാദ്ധ്യായൻമാരുടെ സ്ഥാനത്ത് പ്രതിഷ്ഠിക്കാനുള്ള പ്രധാന സ്രോതസ്സാണ് തിരുസഭ. സഭയുടെ പഠിപ്പിക്കലിനോടൊത്തുള്ള സഹവാസവും സംവാദവും വഴി ജ്ഞാനത്തിന്റെ  പാത നമുക്കു മുന്നിൽ തുറന്നു കിട്ടും. ജ്ഞാനം നേടുക എന്നാൽ ബുദ്ധിയുടെ  തലത്തിൽ വളരുക എന്നു മാത്രമല്ല അർത്ഥമാക്കുന്നത്. മറിച്ച്, ബുദ്ധിയുടേയും ആത്മാവിന്റെയും തലത്തിൽ സമഗ്രമായി വളരുക എന്നതാണ്. വേദപാഠ ക്ലാസ്സുകൾ ഉപേക്ഷിച്ച് മക്കളെ ട്യൂഷനു വിടുന്ന മാതാപിതാക്കൾ സത്യത്തിൽ തങ്ങളുടെ മക്കളുടെ സമഗ്രമായ വളർച്ചയ്ക്കാണ് അറിഞ്ഞോ അറിയാതെയോ തടയിടുന്നത്. ഇന്ന് നമ്മുടെ യുവതലമുറ അക്രമത്തിന്റെയും അനീതിയുടെയും പാത തിരഞ്ഞെടുക്കുന്നെങ്കിൽ അതിനു കാരണം യഥാർത്ഥ ജ്ഞാനത്തിന്റെ കുറവാണ് എന്നതിൽ സംശയമില്ല. യഥാർത്ഥ ജ്ഞാനം ഉണ്ടാവണമെങ്കിൽ അവർ സഭയോടു ചേർന്നു ചിന്തിക്കണം. സഭയോടു ചേർന്നു ചിന്തിക്കുമ്പോഴാണ് ബുദ്ധിയിലും ആത്മാവിലും സമഗ്രമായ യഥാർത്ഥ ജ്ഞാനം ഒരു ക്രിസ്ത്യാനിയുടെ ജീവിതത്തിൽ ഉടലെടുക്കുന്നത്. സഭ നൽകുന്ന നിർദ്ദേശങ്ങളോടും പഠിപ്പിക്കലുകളോടും ക്രിയാത്മകമായി പ്രതികരിക്കുന്നതു വഴി ഒരു ക്രിസ്തു അനുയായിയുടെ ജ്ഞാനത്തിന്റെ ഗ്രാഫിൽ വലിയ ഉയർച്ചയാണ് കൈവരുന്നത്.

## 2) പ്രായത്തിൽ വളരണം

യേശുവിന്റെ ജീവിതയാത്രയുടെ ഒരു നീണ്ട കാലഘട്ടം അവൻ അവന്റെ മാതാപിതാക്കൾക്കു വിധേയനായി ജീവിച്ചു എന്നാണ് സുവിശേഷം സാക്ഷിക്കുന്നത്. പിന്നെ അവൻ അവരോടൊപ്പം പുറപ്പെട്ട് നസറത്തിൽ വന്ന് അവർക്ക് വിധേയനായി ജീവിച്ചു. (ലൂക്കാ 2 51) ആ വിധേയപ്പെടൽ അവനെ ഒരിക്കലും തളർത്തിയില്ല മറിച്ച് ശക്തിപ്പെടുത്തുകയാണ് ചെയ്തത്. യേശുവിന്റെ ബാല്യകാലത്തെക്കുറിച്ച് സുവിശേഷകൻ പിന്നീടൊന്നും രേഖപ്പെടുത്തുന്നതായി കാണുന്നല്ല. അങ്ങനെ നോക്കുമ്പോൾ ബാല്യം മുതൽ യുവത്വം വരെ മാതാപിതാക്കളോടൊത്തുള്ള ജീവിതം യേശുവിന്റെ ഗുരുകുലപാഠശാലയായിരുന്നു എന്നു വേണം കരുതാൻ. അവരിൽ നിന്നു പഠിച്ച ഓരോ പാഠങ്ങളും അവനെ

കൂടുതൽ പക്വതയുള്ളവനാക്കി മാറ്റി എന്നതിനു ചരിത്രം തന്നെ സാക്ഷി. യേശു പ്രായത്തിൽ വളർന്നു എന്നു പറയുമ്പോൾ അവൻ പക്വതയോടെ വളർന്നു എന്നു തന്നെയാണ് അർത്ഥമാക്കുന്നത്. ഈ പക്വത അവനു പകർന്നു നൽകിയത് അവന്റെ കുടുംബ പശ്ചാത്തലമാണ്.

അതുപോലെ, ഇന്ന് ഒരു ക്രിസ്തു അനുയായിയെ പ്രായത്തിൽ വളരാൻ പ്രധാനമായി സഹായിക്കുന്നത് അവന്റെ കുടുംബമാണ്. കുടുംബത്തിലെ  ഓരോരുത്തരും അവരവരുടെ റോളുകൾ നന്നായി ജീവിച്ചാൽ പക്വതയോടെ എല്ലാവരും വളർന്നു മുന്നേറും. കുടുംബ ത്തിലെ ഒരാൾ വഴി തെറ്റിയാൽ, അതു മറ്റു അംഗങ്ങളുടെ ജീവിതത്തിന്റെ താളത്തേയും സാരമായി ബാധിക്കും. കുടുംബത്തിലെ ഓരോരുത്തരും അവരവരുടെ ഭാഗം നന്നായി ജീവിക്കാൻ ചെയ്യേണ്ടത് ഒത്തിരി ബുദ്ധി മുട്ടുള്ള കാര്യമൊന്നുമല്ല. മറിച്ച്, യേശുവിനെപ്പോലെ വിധേയപ്പെടുക, മാതാപിതാക്കളെ കേൾക്കുക, അവരിൽ നിന്ന് നല്ല പാഠങ്ങൾ പഠിക്കുക എന്നിവയൊക്കെയാണ്.

മാതാപിതാക്കളോ, തങ്ങളുടെ കൂടെ ആയിരിക്കുന്നവർക്കു നല്ല മാതൃകകളായി ജീവിക്കുകയും വേണം. അങ്ങനെയുള്ള ഭവനവും അതിലെ സകലരും പ്രായത്തിൽ വളരുന്നവരായിത്തീരും എന്നതിൽ സംശയമില്ല.

## ഉപസംഹാരം

ക്രിസ്തീയ വിശ്വാസമനുസരിച്ച് മനുഷ്യർ മാതാവിന്റെ ഉദരത്തിൽ ജൻമമെടുക്കുന്നതിൻ മുൻപേ ദൈവ പദ്ധതിയിൽ വളർന്നു തുടങ്ങിയ വരാണ്. മനുഷ്യനായി രൂപമെടുക്കുന്നതോടെ അവരിൽ ശാരീരിക മായും ആന്തരീകമായും വളർച്ച സംജാതമാകുന്നു. എന്നാൽ, ഒരുവൻ വളരേണ്ട പോലെ വളരണമെങ്കിൽ ബാലനായ യേശുവിനെപ്പോലെ ജ്ഞാനത്തിലും പ്രായത്തിലും വളർന്നു വന്നേ മതിയാകൂ.

